# സമകാലിക മലയാളത്തിന്റെ ഉറച്ചനിലപാടുകളും തുടർച്ചകളും

റിയൽ എസ്റ്റേറ്റ് കച്ചവടക്കാർക്ക് കേരളത്തിൽ അനധികൃതമായി ഭൂമി സമ്പാദിക്കുവാൻ സർവ്വസൗകര്യവും ഒരുക്കുകയാണ് വ്യവസായവകുപ്പിന്റേയും വകുപ്പ് മന്ത്രിയുടേയും ഇപ്പോഴത്തെ പ്രധാന ഉദ്യമം. വികസനവിരോധികളെ ശക്തിയുക്തം നേരിട്ട്, ഐ.ടി. എന്ന രണ്ടക്ഷരത്തിന്റെ മറവിലാണ് ഈ സ്ഥലക്കച്ചവടം വ്യാപകമായി നടക്കുന്നത്. സ്ഥലം വാങ്ങുന്നവരെക്കുറിച്ചോ, വരാൻപോകുന്ന വമ്പൻ സംരംഭങ്ങളെക്കുറിച്ചോ ഇദ്ദേഹത്തിന് വ്യക്തത അശേഷം ഇല്ല. ആകെ അറിയാവുന്ന ഹൈകെട് എന്ന വാക്ക് ഇടയ്ക്കിടെ പുലമ്പുന്നു. തൊഴിൽ എന്ന് കേട്ടാൽ കേരളീയന്റെ അന്തരംഗം ഇന്നും അഭിമാനപൂരിതമാകുന്നതുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലവസരങ്ങളുടെ കണക്കാണ് ഈ സംരംഭങ്ങൾക്കൊപ്പം വ്യവസായ വകുപ്പ് തുന്നച്ചേർത്തിരിക്കുന്നത്. വിശദമായ അന്വേഷണങ്ങളെല്ലാം ഒഴിവാക്കി, പരിസ്ഥിതിയെ തീർത്തും അവഗണിച്ചുകൊണ്ടും റിയൽ എസ്റ്റേറ്റുകൾക്കായി ഏകജാലകങ്ങൾ തുറന്നിടുമ്പോൾ അഴുകിക്കൊണ്ടിരിക്കുന്നത് മനുഷ്യന്റേയും പരിസ്ഥിതിയുടേയും ഉപജീവനത്തിന്റെ അടിവേരുകളാണെന്ന കാര്യം നാം മറന്നുപോകുന്നു. തലതിരിഞ്ഞ ഈ 'എളമരം മോഡൽ വ്യാവസായിക വിപ്ലവ'ത്തിനെതിരെ സമകാലികം മലയാളം വാരിക ധീരമായ ചില ഇടപെടലുകൾ കഴിഞ്ഞ കുറച്ചുനാളുകളായി നടത്തിവരുകയാണ്. പ്രത്യേകിച്ച് എറണാകുളം ജില്ലയിലെ മരട് ഗ്രാമത്തിൽ കണ്ടൽചെടികളാൽ ചുറ്റപ്പെട്ടുകിടക്കുന്ന വളന്തക്കാട് നാല് കോടി ചതുരശ്ര അടിയിൽ ഏഴായിരം രൂപ മുടക്കിവരുന്ന ഹൈടെക് സിറ്റിക്കെതിരെയാണ് മലയാളം പ്രധാനമായും ശബ്ദിച്ചത്.

ഒട്ടേറെ സംശയങ്ങൾ നിലനിൽക്കുമ്പോഴും ശോഭ ഹൈടെക് സിറ്റിക്കുവേണ്ടി എളമരം കരീം ശക്തമായി നിലകൊള്ളുമ്പോൾ ഞെട്ടിക്കുന്ന വസ്തുതകളാണ് മലയാളം തുറന്നുകാട്ടിയത്. മാധ്യമപ്രവർത്തനം നേരിടുന്ന തുടർച്ചകൾ ഇല്ല എന്ന സമകാലിക 'പ്രൊഫഷണൽ പ്രതിസന്ധി'യെ തികഞ്ഞ രാഷ്ട്രീയമാനത്തോടെ മുറിച്ചുകടക്കാൻ ഈ സമകാലികത്തിന് കഴിഞ്ഞു. (വിഷയങ്ങളെ അവതരിപ്പിച്ച് ഉപേക്ഷിക്കുകയെന്നതാണല്ലോ അഭിനവമാധ്യമമാർഗ്ഗം). സമകാലിക മലയാളത്തേയും പരിസ്ഥിതിവാദികളേയും പ്രതിരോധിക്കാൻ പാർട്ടി മാസികയിൽ എളമരം നടത്തിയ അടവ് പ്രയോഗം ഏശിയില്ല. ദേശാഭിമാനിയിലൂടെ വിപ്ലവവായാടികൾക്കും ഇടതുപക്ഷതീവ്രവാദികൾക്കും എതിരെ എളമരം നടത്തിയ പരാമർശങ്ങൾ സി.പി.എമ്മിന്റെ യുക്തിയില്ലാത്ത പതിവ് വാചാടോപങ്ങളായി ഒടുങ്ങി. പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കും പഠിക്കും എന്ന് ഉളുപ്പില്ലാതെ സംഭാഷണത്തിൽ ഉടനീളം എളമരം ആവർത്തിച്ചുകൊണ്ടിരുന്നു (പഠിച്ചതെത്രയോ നമ്മൾ കണ്ടുകഴിഞ്ഞിരിക്കുന്നു!). മലയാളം ഉറച്ച നിലപാടുകളിൽ നിലകൊണ്ടപ്പോൾ വിളറിപിടിച്ച വ്യവസായവകുപ്പ് അവർക്കെതിരെ നിയമനീക്കം നടത്തി. അധികാരസ്ഥാപനം മാധ്യമസ്വാതന്ത്ര്യത്തിന് നേരെ വാളോങ്ങിയതിൽ പ്രതിഷേധം സമകാലികമലയാളം മുഖപ്രസംഗം എഴുതി. വ്യക്തമായ പാരിസ്ഥിക-സാമൂഹിക-രാഷ്ട്രീയബോധത്തിലൂന്നി സമകാലികമലയാളം നടത്തിയ മാധ്യമഇടപെടലിന് കയ്യടികൾ.

**അബ്ദുൾ റഷീദ്, പേരാമ്പ്ര, കോഴിക്കോട്**

പ്രിയ കേരളീയം വായനക്കാരാ/രി,
വരിസംഖ്യ **240/-** രൂപ *അയച്ചുതന്ന് സഹകരിക്കുമല്ലോ.*
*കൂടാതെ* **സംഭാവന, അറിയിപ്പുകൾ വാർത്തകൾ, വിശകലനങ്ങൾ**
*തുടങ്ങിയവയും അയച്ചുതരുമല്ലോ.* കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : **9446576943, 9446586943, 0487-2421385**

# മുതലമട കുപ്പത്തൊട്ടിയോ?

പാരിസ്ഥിതിക അവബോധം വേണ്ടത്ര വളർന്നിട്ടും അവയെ വെല്ലുവിളിച്ച് തെക്കൻ ജില്ലകളിലെ വിഷലിപ്തമായ കമ്പനി അവശിഷ്ടങ്ങൾ പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ മാരകമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

നേരത്തേ തന്നെ മാരകമായ എന്റോസൾഫാന്റെ കൈയ്യിൽ അകപ്പെട്ട മുതലമട അതിനേക്കാൾ ഭീകരവും മാരകവുമായ രാസവസ്തുക്കൾ, ചത്ത് ചീഞ്ഞ ശവങ്ങളും അസ്ഥികൂമ്പാരങ്ങളുടെ രൂപത്തിൽ ഒരു കുപ്പത്തൊട്ടിയിലെന്നപോലെ ദിവസേന നിറച്ചുകൊണ്ടിരിക്കുന്നു. ഒരു ലോഡ് മാരകവസ്തുക്കൾ നിക്ഷേപിക്കുന്നതിന് തുച്ഛമായ പണം പറ്റി മുതലമടയിലെ ഒരു ജനസമൂഹത്തെ തന്നെ അവരറിയാതെ ക്യാൻസർ പോലുള്ള മാരകരോഗങ്ങളിലേക്ക് വലിച്ചെറിയുന്ന പിശാചുക്കളുണ്ടിവിടെ; ഈ മാരക വിഷങ്ങൾ ലോഡുകണക്കിന് മണ്ണിട്ടുമൂടിക്കൊടുക്കാൻ ഇവർ സ്ഥലം ഒരുക്കിക്കൊടുക്കുന്നു. ഈ ജൂതാസുക്കൾക്ക് മാപ്പുകൊടുക്കാമോ? ഇവർക്ക് ഒത്താശ നടത്തുന്ന ചില പോലീസുകാർക്കും രാഷ്ട്രീയ നേതൃത്വങ്ങൾക്കും മാപ്പുകൊടുക്കാൻ ജനങ്ങൾക്കു കഴിയുമോ? വളർന്നുവരുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ ചോര ഓടുന്ന ഞരമ്പുകളിലേക്ക് ക്യാൻസർ, ആസ്ത്മ കൂടാതെ ത്വക്ക് രോഗങ്ങൾ ഇവയ്ക്ക് കാരണമാകുന്ന വിഷങ്ങൾ കുത്തിവെക്കുന്ന ഇവർക്ക് എന്തു ശിക്ഷയാണ് കൊടുക്കേണ്ടത്?

നമുക്ക് തീരുമാനിക്കേണ്ടിയിരിക്കുന്നു.

പാലക്കാട് ജില്ല ആരുടെയും വിഷലിപ്തമായ മാലിന്യങ്ങൾ തള്ളാനുള്ള മണ്ണല്ല. നിഷ്കളങ്കരായ ഒരു സമൂഹം പടുത്തുയർത്തിയ ഈ മണ്ണിനെ വിൽക്കാനാർക്കും അവകാശമില്ല. അങ്ങിനെ ചെയ്യുന്നവർക്ക് ഇവിടെ ജീവിക്കുവാനവകാശമില്ല. വരും തലമുറയുടെ ആരോഗ്യവും ജീവനും സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്.

**അശോക് നെന്മാറ,**
**ആശ്രയം , കൊല്ലങ്കോട്.**